ഉത്തരം

(എ) 6398 അപേക്ഷകൾ.

(ബി) 27-4-2012-ലെ സ.ഉ.(കൈ) നമ്പർ 112/12/ത.സ്വ.ഭ.വ. സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് 468 പേർക്ക് ബി.പി.എൽ. റേഷൻ കാർഡ് അനുവദിച്ചിട്ടുണ്ട്.

(സി) അർഹതപ്പെട്ട 136 അപേക്ഷകർക്ക് ബി.പി.എൽ. റേഷൻ കാർഡ് അനുവദിച്ചിട്ടുണ്ട്.

ഇടുക്കി ജില്ലയിൽ ജനസമ്പർക്ക പരിപാടി

20 (2834) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ നടന്ന ജനസമ്പർക്ക പരിപാടി 2015 ലൂടെ എത്ര പേർക്ക് ചികിത്സാ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട് ;

(ബി) അനുവദിച്ചതിൽ ഏറ്റവും ഉയർന്ന തുകയും കുറഞ്ഞ തുകയും എത്രയാണ് ;

(സി) അക്ഷയ മുഖാന്തരം അപേക്ഷിച്ചവർക്ക് ധനസഹായം അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിച്ച് നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഡി) ചികിത്സയ്ക്കായി അനുവദിച്ച ധനസഹായം വൈകാനിടയാകുന്ന സാഹചര്യം വിശദീകരിക്കാമോ ;

(ഇ) ഫണ്ടിന്റെ ദൗർബല്യമാണ് കാരണമെങ്കിൽ തിടുക്കത്തിൽ ജനസമ്പർക്ക പരിപാടി നടത്താൻ പ്രേരിപ്പിച്ച ഘടകങ്ങൾ വിശദീകരിക്കാമോ ;

(എഫ്) ചികിത്സാ സഹായം അനുവദിക്കപ്പെട്ട എല്ലാ പേർക്കും ധനസഹായം എന്നത്തേക്ക് കൊടുത്തുതീർക്കാൻ കഴിയും ?

ഉത്തരം

(എ) ജനസമ്പർക്ക പരിപാടി കരുതൽ 2015-ലെ ഡാറ്റാ എൻട്രി പൂർത്തിയായിട്ടില്ല. ഓൺലൈനായി അപേക്ഷിച്ച 12809 അപേക്ഷകർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏറ്റവും ഉയർന്ന തുക ഒരു ലക്ഷം രൂപയും ഏറ്റവും കുറഞ്ഞ തുക ആയിരം രൂപയുമാണ്.

(സി) അസ്സൽ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവർക്കും ബാങ്ക് അക്കൗണ്ട് ആധാർ കാർഡുമായി ലിങ്ക് ചെയ്യാത്തവർക്കും ഒഴികെ ബാക്കിയെല്ലാവർക്കും അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഡി) അപേക്ഷകർ ഒറിജിനൽ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതുകൊണ്ടോ ബാങ്ക് അക്കൗണ്ട് ആധാർ കാർഡുമായി ലിങ്ക് ചെയ്യാത്തതുകൊണ്ടോ ആണ് ധനസഹായം ലഭിക്കാൻ താമസം നേരിടുന്നത്.

(ഇ) ഫണ്ടിന്റെ ദൗർലഭ്യമില്ല.

(എഫ്) ഇത് സംബന്ധിച്ച നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് എത്രയും വേഗം ധനസഹായം കൊടുത്തുതീർക്കുവാൻ സാധിക്കും.

എറണാകുളം ജില്ലയിലെ ജനസമ്പർക്ക പരിപാടി

21 (2835) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിൽ 2015 ഏപ്രിലിൽ നടന്ന ജനസമ്പർക്ക പരിപാടിയിൽ ചികിത്സാ ധനസഹായം ലഭിക്കുന്നതിന് അപേക്ഷ നൽകുകയും നിശ്ചിത തുക അനുവദിച്ചതായി പ്രഖ്യാപിക്കുകയും ചെയ്തിട്ടും ഇതുവരെ സഹായധനം ലഭിക്കാതെ അപേക്ഷകർ ബുദ്ധിമുട്ടുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിശ്ചിത തുക അനുവദിച്ചതായി പ്രഖ്യാപിച്ചതിന് ശേഷവും വില്ലേജ് ഓഫീസറുടെയും മറ്റും അന്വേഷണ റിപ്പോർട്ടിനായി നിരന്തരം ഓഫീസുകൾ കയറിയിറങ്ങേണ്ട സാഹചര്യം ഒഴിവാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വ്യക്തമാക്കാമോ ;

(സി) ഇത്തരത്തിലുള്ള എത്ര അപേക്ഷകൾക്കാണ് ഇനിയും ധനസഹായം വിതരണം ചെയ്യാനുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ജനസമ്പർക്ക പരിപാടിയിൽ ധനസഹായമായി നിശ്ചിത തുക അനുവദിച്ചതായി പ്രഖ്യാപിച്ചിട്ടുള്ള എല്ലാ അപേക്ഷകളിലും നടപടിക്രമം പൂർത്തിയാകുന്നമുറയ്ക്ക് തുക വിതരണം ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly